LIBRARY ARCHIVES Kerala Legislative Assembly

പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര വിഹിതം

29 [1007] ശ്രീ. എം. പി. ഗംഗാധരൻ:
„ എഴുകോൺ നാരായണൻ:
„ ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്രം എന്തുതുക നൽകും;

(ബി) സംസ്ഥാനം ഈ പദ്ധതിക്കുവേണ്ടി എന്തുതുക മുതൽ മുടക്കേണ്ടതുണ്ട്;

(സി) ഈ പദ്ധതിയുടെ ആദ്യഗഡുവായി കേന്ദ്രം എന്തുതുക അനുവദിക്കും;

(ഡി) ഈ പദ്ധതിയുടെ പണി എന്നാരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് 319.70 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ആകെ 18.45 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. ഇതിന്റെ 30% സംസ്ഥാന വിഹിതമാണ്.

(ബി) ഈ പദ്ധതിയുടെ 30% തുക സംസ്ഥാനം വഹിക്കേണ്ടതുണ്ട്. 18.45 കോടി രൂപയുടെ കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ സംസ്ഥാനം 5.53 കോടി രൂപ മുതൽ മുടക്കേണ്ടതുണ്ട്.

(സി) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ചില പ്രവർത്തികൾക്ക് 18.45 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രം നൽകിയിട്ടുണ്ട്. ഈ തുകയുടെ 70% (12.92 കോടി രൂപ) കേന്ദ്രം അനുവദിക്കും ഇവയുടെ 30% തുകയായ 5.53 കോടി രൂപ സംസ്ഥാനം വഹിക്കേണ്ടതാണ്. ഈ പദ്ധതിയുടെ ആദ്യഗഡുവായ (2003-04) 2.45 കോടി രൂപയിൽ 75 ലക്ഷം രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ജോലികൾക്കായി 4-8-2004 അവസാന തീയതിയായി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

നദികളിൽ ഉണ്ടാകുന്ന മാറ്റം

30 [1008] ശ്രീ. വർക്കല കഹാർ:
„ കെ. എ. ചന്ദ്രൻ:
„ എ. കെ. മണി:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നദികളിലേക്ക് ഓരുവെള്ളം കയറുന്നുണ്ട്;

(ബി) നദിയുടെ പതനസ്ഥലത്തുനിന്നും എത്ര കിലോമീറ്റർ ദൂരെവരെ ഉള്ളിലേക്ക് ഓരുവെള്ളം കയറുന്നുണ്ട്;

(സി) ഇത്രയധികം ഉള്ളിലേക്ക് ഓരുവെള്ളം കയറുന്നതിന്റെ കാരണ മെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം നദികളുടെ അടിത്തട്ട് മണ്ണെടുപ്പുമൂലം താണിട്ടുണ്ട്; എത്ര വീതം താണിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മഞ്ചേശ്വരം, ഉപ്പള, ഷിറിയ, മൊഗ്രാൽ, ചന്ദ്രഗിരി, ബേക്കൽ നീലേശ്വരം, കാര്യങ്കോട്, വളപട്ടണം, കുപ്പം, പെരുമ്പ, രാമപുരം, അഞ്ചരക്കണ്ടി, തലശ്ശേരി, കുറ്റ്യാടിപ്പുഴ, ചാലിയാർപുഴ, കോരപ്പുഴ, കല്ലായിപുഴ, മാഹിപുഴ, ഭാരതപ്പുഴ, തിരൂർ, പൊന്നാനിപുഴ, പുരപ്പുഴ, കരുവന്നൂർപുഴ, കേച്ചേരിപുഴ, പെരിയാർ, മണിമലയാർ, മൂവാറ്റുപുഴയാർ, മീനിച്ചിലാർ, പമ്പാ, അച്ചൻകോവിൽ, കല്ലട, ഇത്തിക്കര, പാണ്ടിക്കൽ എന്നീ നദികളിലേക്ക് ഓരുവെള്ളം കയറുന്നുണ്ട്.

(ബി) പതനസ്ഥലത്തും നിന്നും ഏകദേശം 20 കി.മീ. ദൂരെ വരെ ഉള്ളിലേക്ക് ഓരുവെള്ളം കയറാറുണ്ട്. ഓരോ വർഷവും ഓരുവെള്ളം കയറുന്ന ദൂരത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാവാറുണ്ട്.

(സി) അനിയന്ത്രിതമായ മണൽ ഖനനംമൂലം നദികളുടെ അടിത്തട്ട് താഴുന്നതു കൊണ്ടും, കടവിൽ നിന്നുള്ള വേലിയേറ്റത്തിന്റെ സ്വഭാവമനുസരിച്ചും, മഴയുടെ ദൗർലഭ്യം മൂലം വേനൽ കാലത്ത് നദികളിൽ ഒഴുക്ക് കുറയുന്നതുകൊണ്ടും നദികളി ലേക്ക് ഓരുവെള്ളം കയറുന്നു.

(ഡി) മിക്കവാറും എല്ലാ നദികളുടെയും അടിത്തട്ട് ഏകദേശം 1 മീറ്റർ മുതൽ 2 മീറ്റർ വരെ താഴ്ന്നിട്ടുണ്ട്. കൃത്യമായ അളവുകൾ ലഭ്യമല്ല.

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ

31 [1009] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ നിന്നും ലഭിക്കാവുന്ന ജലത്തിന്റെ അളവ് മലിനീകരണം ഒഴിവാക്കൽ എന്നിവയെപ്പറ്റി എന്തെങ്കിലും പഠനം നടത്തി യിട്ടുണ്ടോ; എങ്കിൽ എന്താണ് നടത്തിയത് എന്നറിയിക്കാമോ;

(ബി) ഇന്നത്തെ അവയുടെ സ്ഥിതിയെപ്പറ്റി പഠനം നടത്തുവാനുദ്ദേശി ക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly